യുണ്ടായത് സർക്കാർ ഈ മേഖലയ്ക്ക് നൽകുന്ന പ്രോത്സാഹനത്തിന്റെ പ്രതിഫലനമാണ്. മറ്റ് അനുബന്ധ സേവന മേഖലകളായ താമസസൗകര്യം, ഭക്ഷണം, ഗതാഗതം എന്നിവയിൽ ഡിമാന്റ് വർദ്ധിക്കുക വഴി ഈ മേഖലയിലെ മുതൽമുടക്കിന് ഗുണിതഫലം ഉണ്ടാക്കുവാൻ കഴിയുന്നുണ്ട്.

21. കേരളത്തിലെ കായലുകളും ആയുർവേദവും ടൂറിസം മേഖലയിലെ അനുപമങ്ങളായ രണ്ടു വിപണന സങ്കൽപങ്ങളായി കരുതപ്പെടുന്നു. പമ്പാ-കുട്ടനാട് മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയാക്കൽ, അഷ്ടമുടി, മലബാർ കായലുകളുടെ സംയോജിത വികസനം, വിനോദ സഞ്ചാരികൾക്കുള്ള സൗകര്യങ്ങളുടെ വികസനം എന്നിവ 2000 -2001-ൽ ടൂറിസം മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പദ്ധതികളാണ്.

22. ഫോർട്ട് കൊച്ചിയുടെ സമഗ്ര വികസനം, സ്വകാര്യ മൂലധന പങ്കാളിത്തത്തോടെ വേളി ടൂറിസ്റ്റ് ഗ്രാമത്തിനെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തൽ, സംയുക്ത മേഖലയിൽ പാതിരാമണലിൽ പ്രകൃതിയുമായി ഇണങ്ങുന്ന ഫ്ളോട്ടിംഗ് റിസോർട്ടുകൾ ഏർപ്പെടുത്തൽ, വാഗമണിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹോട്ടൽ സ്ഥാപിക്കൽ, തൃപ്പൂണിത്തുറയിലെ ഹിൽ പാലസും നേപ്പിയർ മ്യൂസിയവും പുനരുദ്ധരിക്കൽ തുടങ്ങിയവ അടുത്ത വർഷത്തെ പദ്ധതികളായി നിർദ്ദേശിക്കുന്നു.

23. സംസ്ഥാനത്തേയ്ക്ക് നിലവാരമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ ആസൂത്രിത പ്രോത്സാഹനത്തിനും വിപണനത്തിനും പ്രാധാന്യം സർക്കാർ സൂക്ഷ്മമായി മനസ്സിലാക്കിയിട്ടുണ്ട്. വളരെയധികം പ്രകീർത്തിക്കപ്പെട്ട വെബ് സൈറ്റ് ഏർപ്പെടുത്തിയതും സി.ഡി. റോം പ്രചരിപ്പിച്ചതും ടൂറിസം മേഖലയിൽ വിവര സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലുള്ള ശ്രമങ്ങളെ ചൂണ്ടിക്കാണിക്കുന്നു.

24. ടൂറിസം മേഖലയിൽ ഈ വികസന പ്രവർത്തനങ്ങൾക്ക് എന്റെ ബഡ്ജറ്റിൽ 46 കോടി രൂപ വകയിരുത്തുന്നതിൽ എനിക്ക് സന്തോഷമുണ്ട്. കഴിഞ്ഞകൊല്ലം വകയിരുത്തിയതിനേക്കാൾ 28 ശതമാനം വർദ്ധനവ് ഈ മേഖലയിൽ വന്നിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

25. സംസ്ഥാനത്ത് ആരംഭിച്ച മൗലികമായ അധികാര വികേന്ദ്രീകരണ പ്രക്രിയ ശരിയായ ദിശയിൽതന്നെ പുരോഗമിക്കുന്നു എന്നു പ്രസ്താവിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷവും അഭിമാനവും ഉണ്ട്. ഈ വർഷം മേയ് മാസത്തിൽ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിത്തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് നമ്മൾ ഏർപ്പെടുത്തിയ സംവിധാനത്തിന്റെ ശക്തിയുടെ തെളിവാണ്.

LIBRARY ARCHIVES Kerala Legislative Assembly

26. ഒരിക്കൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നു കഴിഞ്ഞാൽ, പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് വികസനോന്മുഖമായ ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിറവേറ്റുന്നതിന് ആവശ്യമായ കഴിവ് വളർത്തിക്കൊണ്ടു വരുന്നതിന് കൂട്ടായ പരിശ്രമം നടത്തേണ്ടതാണ്. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ഇതിൽ മുഖ്യ പങ്ക് വഹിക്കുന്നതാണ്. ഇതിന്റെ അംഗീകാരം എന്ന നിലയിൽ പദ്ധതിസഹായമായ 75 ലക്ഷം രൂപയ്ക്ക് പുറമേ പദ്ധതിയേതര ഗ്രാന്റായി 5 ലക്ഷം രൂപ കൂടി ഞാൻ ഈ ബഡ്ജറ്റിൽ 'കില'യ്ക്ക് നീക്കിവയ്ക്കുന്നു. വികേന്ദ്രീകൃത ആസൂത്രണത്തിൽ 'കില'യ്ക്കുള്ള പങ്കിന്റെ ഉചിതമായ അംഗീകാരം എന്ന നിലയിൽ സ്വിസ്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഈ ഇൻസ്റ്റിറ്റ്യൂട്ടിന് 4.5 കോടിയോളം രൂപ സഹായധനം നൽകുന്നതാണ്.

27. നന്നായി പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഗവൺമെന്റിന്റെ നയമാണ്, സംസ്ഥാനത്തെ ഏറ്റവും നല്ല മൂന്ന് മുനിസിപ്പാലിറ്റികൾക്ക് ഒരു പുതിയ അവാർഡ് പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇതിനുവേണ്ടി ഞാൻ 15 ലക്ഷം രൂപ വകയിരുത്തുന്നു. ഏറ്റവും നല്ല പഞ്ചായത്തുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള അവാർഡ് തുടരുന്നതാണ്.

28. 2000-2001 വർഷം നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം വായ്പ എടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകളെ പ്രോത്സാഹിപ്പിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ഈ വർഷം നബാർഡിൽ നിന്നും കുറഞ്ഞത് 50 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

29. ഗവൺമെന്റിന്റെ 'കുടുംബശ്രീ' പദ്ധതി ഒരു പ്രധാന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായി ആവിഷ്കരിച്ചിരിക്കുന്നു. ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്ന ഈ പദ്ധതി പ്രധാനമായും പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. ഈ പദ്ധതി സംസ്ഥാനത്ത് വേഗതയാർജ്ജിച്ചു വരുന്നു. കുടുംബശ്രീ പദ്ധതിക്കുവേണ്ടി ഈ ബഡ്ജറ്റിൽ ഞാൻ 10 കോടി രൂപ വകയിരുത്തുന്നു.

30. കൊല്ലം, തൃശൂർ മുനിസിപ്പാലിറ്റികളെ നഗരസഭകളാക്കി ഉയർത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് 2000 ഒക്ടോബർ മുതൽ നടപ്പിൽ വരുന്നതാണ് ഈ പ്രദേശങ്ങളുടെ വികസനത്തിൽ സഹായിക്കുന്നതിന് കൊല്ലം, തൃശൂർ വികസന അതോറിറ്റികൾക്ക് 2.65 കോടി രൂപ നൽകുന്നതിന് ഞാൻ ഉദ്ദേശിക്കുന്നു.

31. തിരുവനന്തപുരം ജില്ലയിലെ രണ്ട് പ്രധാന ടൂറിസം കേന്ദ്രങ്ങളായ ആക്കുളവും കോവളവും തമ്മിൽ ബന്ധിപ്പിക്കുന്ന ടി.എസ്. കനാലിന്റെ തീരത്തു കൂടിയുള്ള ഒരു 'കനാൽ വാക്ക്' പദ്ധതിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ടൂറിസത്തിന് ഈ പ്രോജക്ട് പ്രോത്സാഹനം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും മറ്റുമായി 50 ലക്ഷം രൂപ ഞാൻ നീക്കിവയ്ക്കുന്നു.

32. സഹോദരനയ്യപ്പൻ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടി ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റി (GCDA) യുടെ വിഹിതം ഒരു കോടി രൂപയിൽനിന്നും 4.5 കോടി രൂപയായി വർദ്ധിപ്പിക്കുന്നു, പാളയം-പാറ്റൂർ, കിള്ളിപ്പാലം-കരമന റോഡുകളുടെ വീതി കൂട്ടുന്നതിനും നിർമ്മാണത്തിനുമായി ട്രിഡ (TRIDA) യുടെ വിഹിതം ഒരു കോടിയിൽ നിന്നും 4.5 കോടി രൂപയായി ഞാൻ ഉയർത്തിയിട്ടുണ്ട്.

ഭവന നിർമ്മാണം

33. ഭൂരഹിതരും ഭവനരഹിതരുമായ സംസ്ഥാനത്തിലെ എല്ലാ ജനങ്ങൾക്കും ഘട്ടംഘട്ടമായി താമസസൗകര്യം ഏർപ്പെടുത്തുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. മൈത്രി ഭവന പദ്ധതി അനുസരിച്ച് നിർമ്മിക്കുന്ന 13000 വീടുകൾക്ക് സബ്സിഡി വിഹിതമായി 30 കോടി രൂപ മാറ്റിവച്ചിരിക്കുന്നു.

34. അടുത്തവർഷം ഭവന നിർമ്മാണത്തിന് ഒരു പ്രത്യേക വിഭവ സമാഹരണ യജ്ഞം നടത്തുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിലെ ഭവനരഹിതരായവർക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതിന് ഒരു ഫണ്ട് രൂപീകരിക്കുവാൻ വേണ്ടി ഒരു പ്രത്യേക ബംബർ ലോട്ടറി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

വൈദ്യുതി

35. വൈദ്യുതിമേഖലയിൽ അതിശ്രദ്ധേയമായ പ്രകടനമാണ് ഈ ഗവൺമെന്റ് കാഴ്ചവച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാന വൈദ്യുതി പ്രസരണ ശൃംഖലയിൽ 845.5 മെഗാവാട്ട് ഊർജ്ജം കൂട്ടിച്ചേർത്തതിനാൽ ദക്ഷിണേന്ത്യയിൽ പവർ കട്ടില്ലാത്ത ഏക സംസ്ഥാനം എന്ന ബഹുമതി നാം ആർജ്ജിച്ചിരിക്കുന്നു. ജലശക്തിയെ പരമാവധി ചൂഷണം ചെയ്യുക എന്നത് ആയിരിക്കണം നമ്മുടെ ശ്രദ്ധാകേന്ദ്രം. 163 മെഗാവാട്ട് ശേഷിയുള്ള ആതിരപ്പള്ളി പദ്ധതിയ്ക്ക് കേന്ദ്ര അനുവാദം ലഭിച്ചുകഴിഞ്ഞു. ചൈനാ ഗവൺമെന്റിന്റെ സഹായത്തോടുകൂടി 16 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതാണ്. വരുന്ന അഞ്ചുവർഷങ്ങളിൽ ജലസ്രോതസ്സുകളിൽ നിന്ന് 1000 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കുന്നതാണ് 107 മെഗാവാട്ട് ശേഷിയുള്ള ഒരു പവർ പ്ലാന്റ് കാസർഗോഡ് നിർമ്മാണത്തിലാണ്. 513 മെഗാവാട്ട് ശേഷിയുള്ള ഒരു പദ്ധതി കണ്ണൂരിലും 679 മെഗാവാട്ട് ശേഷിയുള്ള 'സിയാസിൻ എനർജി പ്ലാന്റ്' കൊച്ചിയിലും സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

18. A principal area of focus in the coming year would be the creation of employment opportunities utilising IT, through content generation using self help groups, establishing network of Internet Kiosks and promotion of high growth areas. Three IT enabled Service habitats will be set up at Thiruvananthapuram, Kochi and Calicut.

19. District Level Software Technology Parks will be strengthened. Government will actively promote private sector participation in IT infrastructure investment. Government also proposes to launch a major programme to introduce computer education and computer aided education in Government High Schools in the State. Three District Level Training Centres will be established in the State next year. I am setting apart a sum of Rs. 16 cr. for Information Technology in my budget. This includes an allocation of Rs. 2 cr. for the School of Information Technology and Management being set up as a centre of excellence in IT. In addition the powers given to Departments to devote up to 3% of their outlays for IT deployment shall continue.

Tourism

20. Tourism has emerged as a sector where the State enjoys significant competitive advantages This is best reflected in the encouraging growth rate in tourist arrivals to Kerala, as against the negative growth seen in the All-India figures. Investments in this sector have considerable multiplier effect through generation of demand for auxiliary services like accommodation, food and transport.

21. Backwaters of Kerala and Ayurveda are identified as the two "Unique Selling Propositions' of Tourism in the State. Completing infrastructure projects of Pamba-Kuttanad Region, integrated development of Ashtamudi and backwaters in Malabar and development of tourist amenities will be focus areas for Tourism in 2000-2001.

22. Comprehensive development of Fort Cochin, developing Veli Tourist Village to international standards through private sector participation, setting up joint ventures sector projects such as eco-friendly floating resort at Pathiramanal and an international hotel at Vagamon, renovation of Hill Palace at Thripunithura and Napier Museum are proposed for the next year.

23. Government is keenly aware of the importance of well-planned promotion and marketing for attracting quality tourists to the State. The use of IT for tourism promotion through setting up a much acclaimed website for tourism and releasing the CD-ROM widely commended for its quality illustrate the efforts in this direction.

24. I am happy to provide Rs. 46 cr. in my Budget for these developmental activities in tourism. This is an increase of 28% over the allocation for this sector last year.

Local Self Governments

LIBRARY ARCHIVES Kerala Legislative Assembly

25. I am extremely happy and proud to state that the radical decentralisation process initiated by the State is progressing on course. This year, we expect Local Governments to commence approval of their plans in May itself. This is fitting testimony to the strength of the systems that we have put in place.

26. Once the new local governments are in place, a massive capacity building exercise would be undertaken to prepare the newly elected members to discharge their developmental responsibilities effectively. Kerala Institute for Local Administration (KILA) would take the lead role in this. In recognition of this special role, I am providing a special non-plan grant of Rs. 5 lakhs for KILA in my budget apart from the plan assistance of Rs. 75 lakhs. As a fitting recognition to KILA's role in decentralised planning, the Swis Development Corporation will provide assistance of nearly Rs. 4.5 cr. to the Institute.

27. In keeping with this Government's policy of encouraging well-performing local governments. I am happy to declare a new award for the best three Municipalities in the State and for this purpose, I set apart Rs. 15 lakhs. The award already instituted for the Best Panchayats will be continued.

28. We shall also encourage and enable Gram. Panchayats to borrow funds from NABARD under RIDF in 2000-2001. Through this, a minimum of Rs. 50 cr. can be expected to flow from NABARD to the Grama Panchayats.

29. The Kudumbashree project of Government, conceived as a major poverty eradication programme, and implemented in line with the People's Planning Programme is centred on the participation and empowerment of women from poor families This programme has picked up momentum in the States in a big way. I propose to set apart Rs. 10 cr. for the Kudumbashree project in my budget.

30. Government have decided to upgrade Kollam and Trissur Municipalities into Corporations. This takes effect from October 2000. To help the development of these areas, I propose to give a sum of Rs. 2.65 cr. in my budget for Kollam and Trissur Development Authorities.

31. The Local Self Government Department is giving shape to a 'Canal Walk' project along the T.C. Canal which will joint two very important tourist destination of Aakkulam and Kovalam in Thiruvananthapuram. This project is expected to give a major fillip to tourism in the State. For preliminary expenses including the preparation of Detailed Project Reports, I am setting aside Rs. 50 lakhs.

32. The Greater Cochin Development Authority's allocation has been increased from Rs. 1 cr. to Rs. 4.5 cr. for taking up the construction of the Sahodaran Ayyappan Road. For the construction and road widening between Palayam and Pattoor and Killipalam and Karamana, I have increased the outlays for TRIDA in the next year from Rs. 1 cr. to Rs. 4.5 cr.

LIBRARY ARCHIVES Kerala Legislative Assembly